**ആയുസ്സുകഴിഞ്ഞ അണക്കെട്ടുകൾ ഘട്ടംഘട്ടമായി ഡീകമ്മീഷൻ ചെയ്യണമെന്ന ഗാഡ്ഗിൽ റിപ്പോർട്ടിലെ നിർദ്ദേശം കേരളത്തിൽ വലിയ വിവാദമായിരിക്കുകയാണ്. നദികളെ അതിന്റെ സമഗ്രതയിൽ ഉൾക്കൊള്ളാനും വിലപ്പെട്ട ജലപാഠങ്ങൾ മനസ്സിലാക്കാനും ഉപകരിക്കുന്ന ഈ നിർദ്ദേശം തള്ളിക്കളയാതെ, ഗൗരവമായി ചർച്ച ചെയ്യുകയാണ് വേണ്ടതെന്ന്**

**എസ്.പി. രവി**

# അണക്കെട്ടുകൾക്കും കാലപരിധിയുണ്ട്

**പശ്ചിമഘട്ട** പരിസ്ഥിതി വിദഗ്ധസമിതിയുടെ (ഗാഡ്ഗിൽ കമ്മിറ്റിയുടെ) റിപ്പോർട്ടിൽ ഏറ്റവും വിമർശനവിധേയമായ ഒരു നിർദ്ദേശം ആയുസ്സു കഴിഞ്ഞ അണക്കെട്ടുകൾ ഘട്ടം ഘട്ടമായി ഡീകമ്മീഷൻ ചെയ്യണമെന്നതാണ്. സംസ്ഥാനസർക്കാർ ഈ നിർദ്ദേശത്തെ പൈശാചികമെന്നാണ് (draconian) വിശേഷിപ്പിച്ചത്. വൈദ്യുതിവകുപ്പും മുൻവൈദ്യുതിമന്ത്രിയുമെല്ലാം ഇതിനെതിരെ വാളെടുത്തിരുന്നു.

117വർഷം പ്രായമായ മുല്ലപ്പെരിയാൽ അണക്കെട്ടിനെ നമ്മൾ ജലബോംബെന്നാണ് വിശേഷിപ്പിക്കുന്നത്. ആ അണക്കെട്ട് അവിടെ നിൽക്കുന്നതിൽ കടുത്ത ആശങ്കയാണ് നമുക്കുള്ളത്. മുല്ലപ്പെരിയാർ അണക്കെട്ടിനു വയസ്സായാൽ അത് ജലബോംബാകുമെങ്കിൽ പ്രായമാകുന്ന മറ്റു അണക്കെട്ടുകൾക്കും ഇത് ബാധകമാകില്ലേ? ഇല്ലെന്നാണ് വാദമെങ്കിൽ അത് ഇരട്ടത്താപ്പാണ്.

ഗാഡ്ഗിൽകമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ സാധുത നമുക്ക് പരിശോധിക്കാം. ആയുസ്സ് തീരുന്ന താപനിലയങ്ങളും അണക്കെട്ടുകളും ഘട്ടം ഘട്ടമായി ഡീകമ്മീഷൻ ചെയ്യണമെന്നാണ് കമ്മിറ്റി ശുപാർശചെയ്യുന്നത്. താപനിലയങ്ങളെ സംബന്ധിച്ച് ഈ പ്രക്രിയ ഇപ്പോൾ തന്നെ നടക്കുന്നുണ്ട്. ആദ്യകാല താപനിലയങ്ങൾ പലതും ഇന്നു പ്രവർത്തിക്കുന്നില്ല. എന്നാൽ പ്രായമായ അണക്കെട്ടുകളെ സംബന്ധിച്ച് നമുക്കൊരു നിയമമോ നയമോ നിലപാടോ ഇല്ല. ഇന്ത്യയിൽ ഇന്നുള്ള അയ്യായിരത്തിലധികം അണക്കെട്ടുകളിൽ അഞ്ഞൂറെണ്ണമെങ്കിലും അൻപത് വർഷത്തിലേറെ പഴക്കമുള്ളവയാണ് എന്ന വസ്തുത പരിഗണിക്കുമ്പോൾ ഈ വിഷയം ഇനിയും ചർച്ച ചെയ്യാതിരിക്കാനാകില്ലെന്നു ബോധ്യമാകും.

കേരളത്തിൽ ഇടുക്കിയുൾപ്പെടെ മിക്ക ജലവൈദ്യുതപദ്ധതികളും 35നും 60നും ഇടയിൽ വർഷം പ്രായമുള്ളവയാണ്. (പള്ളിവാസലിനു 70വയസ്സു കഴി

ഞ്ഞു.) ഇവ ഇനി എത്രവർഷം സുരക്ഷാഭീഷണിയില്ലാതെ നിലനിൽക്കുമെന്നു ചിന്തിക്കേണ്ടതില്ലേ? (മുല്ലപ്പെരിയാറിൽ നടത്തുന്നതുപോലെയുള്ള ശാസ്ത്രീയപരിശോധനകൾക്ക് വിധേയമാക്കിയാൽ ഇവയിൽ ചില അണക്കെട്ടുകളെങ്കിലും ഇപ്പോൾ തന്നെ ബലക്ഷയമുള്ളതാണെന്നു കാണാനുള്ള സാധ്യത തള്ളിക്കളയാനാകില്ല.) ഇടുക്കി ജില്ലയിൽ അടിക്കടിയുണ്ടാകുന്ന ഭൂചലനങ്ങൾ വലിയ ആശങ്കയുയർത്തുന്നുണ്ടല്ലോ. ഈ ഭൂചലനങ്ങൾക്ക് പിന്നിൽ അണക്കെട്ടുകളുടേയും ജലാശയങ്ങളുടേയും മർദ്ദത്തിന്റെ സ്വാധീനം തള്ളിക്കളയാനാകില്ല. ഇപ്പോഴുണ്ടാകുന്ന ഭൂചലനങ്ങളുടെ തീവ്രതയിൽ നാളെ വർദ്ധനവുണ്ടാകുകയാണെങ്കിൽ ഇടുക്കി ഉൾപ്പടെയുള്ള അണക്കെട്ടുകളിലെ ജലനിരപ്പ് സ്ഥിരമായി കുറയ്ക്കാൻ നമ്മൾ നിർബന്ധിതരാകില്ലേ?

അൻപതു വയസ്സുകഴിഞ്ഞ അണക്കെട്ടുകളെല്ലാം ഉടൻതന്നെ പൊളിച്ചു മാറ്റണമെന്നാണ് ഗാഡ്ഗിൽ കമ്മിറ്റി ആവശ്യപ്പെടുന്നതെന്നമട്ടിലുള്ള വ്യാഖ്യാനം ശരിയല്ല. ഘട്ടംഘട്ടമായി ഡീകമ്മീഷൻ ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്. അതിനൊരു സമയപരിധി നിർദ്ദേശിച്ചിട്ടുമില്ല. ഒരു അണക്കെട്ട് പൂർണ്ണമായോ ഭാഗികമായോ പൊളിച്ചു നീക്കുന്നതും അണക്കെട്ടിലെ ജലനിരപ്പ് സ്ഥിരമായി താഴ്ത്തി നിർത്തുന്നതുമെല്ലാം ഡീകമ്മീഷനിങ്ങ് എന്ന പദത്തിന്റെ പരിധിയിൽ വരുന്നതാണെന്നും നാം മനസ്സിലാക്കണം. നാളെ നമ്മൾ ഉറപ്പായും നേരിടേണ്ടിവരുന്ന ഒരു പ്രശ്നത്തിന്റെ പരിഹാരസാധ്യതകളെക്കുറിച്ച് ഇന്നുതന്നെ ചിന്തിച്ചു തുടങ്ങാനുള്ള ഒരു അവസരമായി വേണം ഗാഡ്ഗിൽ കമ്മിറ്റിയുടെ ഈ നിർദ്ദേശത്തെ കാണാൻ.

വൈദ്യുതിരംഗത്തേയും നദികളിലെ വേനൽക്കാലജലലഭ്യതയേയും ഇതെങ്ങനെ ബാധിക്കുമെന്നും അതിനുള്ള പരിഹാരസാധ്യതകളെന്താണെന്നും ചിന്തിക്കണം. വൈദ്യുതിരംഗത്തെ സംബന്ധിച്ച് താരതമ്യേന എളുപ്പത്തിൽ ഈ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളു. ഇടുക്കി, ശബരിഗിരി, ഇടമലയാർ, ഷോളയാർ തുടങ്ങിയവയിലൊഴികെ മറ്റു ജലവൈദ്യുതപദ്ധതികളിൽ മൊത്തം വൈദ്യുതി ഉൽപ്പാദനത്തിന്റെ മുക്കാൽഭാഗവും മഴക്കാലത്താണ് നടക്കുന്നത്. ചെറുകിട, ഇടത്തരം സംഭരണികളുള്ള ഈ നിലയങ്ങൾ നാളെ ജലസംഭരണമൊഴിവാക്കി പൂർണ്ണമായും റൺ ഓഫ് ദ റിവർ രീതിയിൽ പ്രവർത്തിച്ചാലും വൈദ്യുതി ഉല്പാദനം കാര്യമായ കുറവില്ലാതെ നിലനിർത്താനാകും. (അണക്കെട്ടുകളിലേക്കൊഴുകിയെത്തുന്ന സിൽറ്റ് നിയന്ത്രിക്കാനായാൽ നിലയത്തിനു പരമാവധി ഒരു ദിവസത്തെ ആവശ്യത്തിനുള്ള സംഭരണശേഷി മാത്രം വച്ച് ഭംഗിയായി പ്രവർത്തിക്കാനാകും.) വലിയ സംഭരണികളുള്ള പദ്ധതികൾ മഴക്കാലത്ത് പരമാവധി വെള്ളം സംഭരിക്കുകയും അത് വേനൽക്കാലത്ത് വൈദ്യുതി ഉല്പാദനത്തിനായി വിനിയോഗിക്കുകയുമാണ് ചെയ്യുന്നത്. ഇവിടെ സംഭരണശേഷി കുറയ്ക്കുകയാണെങ്കിൽ വൈദ്യുതി ഉല്പാദനം വേനൽക്കാലത്തുനിന്നും മഴക്കാലത്തേക്ക് മാറേണ്ടിവരും. (ഇടുക്കി അണക്കെട്ടിൽ ജലനിരപ്പ് ഇന്നുള്ളതിന്റെ പകുതിയായി നിജപ്പെടുത്തിയാലും അവിടെനിന്നുള്ള മൊത്തം വൈദ്യുതി ഉല്പാദനത്തിൽ ഒരു യൂണിറ്റുപോലും കുറയില്ല. എന്നാൽ വേനൽക്കാല വൈദ്യുതി ഉല്പാദനത്തിൽ കുറവുവരും.) ഇവിടെയാണ് സൗരോർജ്ജത്തിന്റെ പ്രസക്തി വരുന്നത്. സൗരോർജ്ജവൈദ്യുതിയുടെ വില കഴിഞ്ഞ 2-3 വർഷത്തിനിടയിൽ പകുതിയിലേറെ താഴ്ന്ന് യൂണിറ്റിന് 8-9 രൂപയിലെത്തിക്കഴിഞ്ഞു. ഇതിനിയും താഴ്ന്ന് 5-6 രൂപയിലെത്തുമെന്നാണ് കണക്കാക്കുന്നത്. അടുത്ത 3-4 പതിറ്റാണ്ടിനുള്ളിൽ കേരളത്തിൽ മഴക്കാലത്തെ വൈദ്യുതി ഉല്പാദനം പ്രധാനമായും ജലവൈദ്യുതപദ്ധതികളേയും വേനൽക്കാലവൈദ്യുതി ഉല്പാദനം പ്രധാനമായും സൗരോർജ്ജത്തേയും ആശ്രയിക്കുന്നരീതിയിലേക്ക് മാറുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.



**അണക്കെട്ട് പൂർണ്ണമായോ ഭാഗികമായോ പൊളിച്ചു നീക്കുന്നതും അണക്കെട്ടിലെ ജലനിരപ്പ് സ്ഥിരമായി താഴ്ത്തി നിർത്തുന്നതുമെല്ലാം ഡീകമ്മീഷനിങ്ങ് എന്ന പദത്തിന്റെ പരിധിയിൽ വരുന്നതാണ്**

വൃഷ്ടിപ്രദേശത്തെ വനനാശം മൂലം വേനൽക്കാലത്തെ സ്വാഭാവിക നീരൊഴുക്ക് നഷ്ടപ്പെട്ട ചില പുഴകളെങ്കിലും ഇന്ന് വേനൽക്കാല ആവശ്യങ്ങൾക്ക് റിസർവോയറുകളിൽ സംഭരിക്കുന്ന വെള്ളത്തെയാണ് ആശ്രയിക്കുന്നത്. (പെരിയാർ, മൂവാറ്റുപുഴയാർ, ചാലക്കുടിപ്പുഴ തുടങ്ങിയവ ഉദാഹരണം). സംഭരണികളിലെ ജലവിതാനം കുറയുകയാണെങ്കിൽ ഈ നദികളിലെ വേനൽക്കാല ജലലഭ്യതയെ അത് ബാധിക്കും. ഇക്കാര്യത്തിൽ എളുപ്പത്തിലുള്ള പരിഹാരങ്ങളൊന്നും ലഭ്യമല്ല. ഉയർന്ന വൃഷ്ടിപ്രദേശത്തെ പരിസ്ഥിതി പുനഃസ്ഥാപനത്തിലൂടെ വേനൽക്കാല സ്വാഭാവികനീരൊഴുക്ക് വർദ്ധിപ്പിക്കുക, ജലസംരക്ഷണത്തിലൂടെയും മെച്ചപ്പെട്ട ജലമാനേജ്മെന്റിലൂടെയും നീർത്തടവികസനപ്രവർത്തനങ്ങളിലൂടെയും ജലത്തിന്റെ ആവശ്യകത കുറയ്ക്കുക എന്നിവയാണിവിടെ പരിഹാരമാർഗ്ഗങ്ങൾ.

നദികളെ അതിന്റെ സമഗ്രതയിൽ ഉൾക്കൊള്ളാനും വിലപ്പെട്ട ജലപാഠങ്ങൾ മനസ്സിലാക്കാനും ഉപകരിക്കുന്ന രീതിയിൽ ഗൗരവമേറിയ ചർച്ചകൾക്ക് ഗാഡ്ഗിൽ കമ്മിറ്റിയുടെ ഈ നിർദ്ദേശം വഴിവയ്ക്കണം. ഒപ്പം തന്നെ മുല്ലപ്പെരിയാറിനു സമാനമായ സ്ഥിതി വിശേഷം ഇന്ത്യയിലെ മറ്റൊരണക്കെട്ടിലുമുണ്ടാകില്ലെന്നുറപ്പുവരുത്താൻ നമുക്കാകണം.